**എറണാകുളം ജില്ലാകളക്ടറുടെ നടപടിക്രമം**
**(ഹാജർ : ശ്രീ. എസ്. സുഹാസ് ഐ.എ.എസ്)**

സി. 12-735/2019 തീയതി: 07. 01.2021

---

വിഷയം: കൊച്ചി മെട്രോ റെയിൽ പ്രൊജക്ട് - സീപോർട്ട് - എയർപോർട്ട് റോഡ് വികസനം - വിദഗ്ധ സമിതിയുടെ റിപ്പോർട്ട് അംഗീകരിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്.

പരാമർശം: വിദഗ്ധ സമിതിയുടെ 30.12.2020 ലെ ശുപാർശ.

കൊച്ചി മെട്രോയുടെ ഭാഗമായി സീപോർട്ട് - എയർപോർട്ട് റോഡ് വികസനത്തിനു വേണ്ടിയുള്ള സ്ഥലമെടുപ്പിന്റെ ഭാഗമായ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം സംബന്ധിച്ച് ചുമതലപ്പെടുത്തിയിരുന്ന SIA യൂണിറ്റായ കേരള വോളന്ററി ഹെൽത്ത് സർവ്വീസ് (കെ.വി.എച്ച്.എസ്) കോട്ടയം സമർപ്പിച്ച ഫൈനൽ റിപ്പോർട്ടിന്മേൽ ജില്ലാതല വിദഗ്ധ സമിതി 20.10.2020, 04.11.2020 തീയതികളിൽ ചേരുകയും വിദഗ്ധ സമിതി ഏകകണ്ഠമായി ടി പദ്ധതി കാക്കനാട് നഗരത്തിന്റെ മുഖച്ഛായ മാറ്റിയെടുക്കാൻ ഉതകുന്നതും കാക്കനാട് നഗരത്തിലേയും ചുറ്റുമുള്ള സ്ഥലങ്ങളിലേയും ഗതാഗത കുരുക്കിനെ ഗണ്യമായി കുറയ്ക്കാൻ സാധിക്കുന്നതാണെന്നും RTFCT LARR Act 2013, 7-ാം വകുപ്പ് 5-ാം ഉപവകുപ്പ് (1) ൽ നിഷ്കർഷിക്കും വിധം ടി പദ്ധതി ഒരു പൊതു ആവശ്യത്തിന് ഉതകുന്നതാണെന്നും 29.12.2017 ലെ റവന്യൂ (ബി) വകുപ്പിന്റെ GO(MS)448/2017/RD നമ്പർ ഉത്തരവ് പ്രകാരം നിഷ്കർഷിക്കുന്ന ന്യായമായ നഷ്ട പരിഹാരം, പുനരധിവാസം, പുനഃസ്ഥാപനം എന്നിവ അർഹമായ കുടുംബങ്ങൾക്ക് നൽകുന്നത് വഴി പദ്ധതിയുടെ പ്രത്യാഘാതം കുറയ്ക്കാവുന്നതാണെന്നും അപ്രകാരം പദ്ധതി നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രയോജനങ്ങൾ പ്രൊജക്ടിന്റെ ഭാഗമായി ഉണ്ടാകാവുന്ന സാമൂഹ്യ ചെലവുകളെയും സാമൂഹ്യ പ്രത്യാഘാതങ്ങളെയും അപേക്ഷിച്ച് വളരെ വലുതാണെന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഈ പദ്ധതിയുമായി മുന്നോട്ട് പോകുന്നതിനാവശ്യമായ അംഗീകാരത്തിനായി ജില്ലാ കളക്ടർക്ക് സൂചന പ്രകാരം വിദഗ്ധ സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്.

വിദഗ്ധ സമിതിയുടെ റിപ്പോർട്ട് പരിശോധിച്ചതിലും പ്രോജക്ടിന് ആവശ്യമായ വിസ്തീർണം മാത്രമേ ഏറ്റെടുക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതിനാലും വിദഗ്ധ സമിതിയുടെ റിപ്പോർട്ട് പൂർണ്ണമായി അംഗീകരിച്ചുകൊണ്ട് പ്രസ്തുത പദ്ധതിയുമായി മുന്നോട്ട് പോകുന്നതിന് അംഗീകരിച്ച് ഇതിനാൽ തീരുമാനമായി ഉത്തരവാകുന്നു.

ജില്ലാകളക്ടർ

പകർപ്പ് : സ്പെഷ്യൽ തഹസിൽദാർ (എൽ.എ) നമ്പർ 1
കൊച്ചി മെട്രോ റെയിൽ പ്രൊജക്ട്, കാക്കനാട്